LIBRARY ARCHIVES Kerala Legislative Assembly

കിഫ്ബി ധനസഹായം ലഭിച്ച മാനന്തവാടിയിലെ സ്കൂളുകൾ

17(3438) ശ്രീ ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായമായ മൂന്ന് കോടി രൂപ അനുവദിച്ച മാനന്തവാടി നിയോജകമണ്ഡലത്തിലെ സ്കൂളുകൾ ഏതെല്ലാമാണ്?

കിഫ്ബി ധനാനുമതി നൽകിയ മാനന്തവാടി നിയോജകമണ്ഡലത്തിലെ 3 കോടി വിഭാഗത്തിൽ ഉൾപ്പെട്ട സ്കൂൾ പദ്ധതികൾ അനുബന്ധമായി നൽകുന്നു.*

(ബി) പ്രസ്തുത സ്കൂളുകളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ഏത് ഏജൻസിയാണെന്ന് അറിയിക്കുമോ?

പ്രസ്തുത സ്കൂളുകളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളുടെ വിശദാംശം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്*.

(സി) പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്*.

ഇടക്കോലി-ഉഴവൂർ കോട്ടയം മെഡിക്കൽ കോളേജ് റോഡ്

18(3439) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടപ്പാക്കുന്ന ഇടക്കോലി-ഉഴവൂർ കോട്ടയം മെഡിക്കൽ കോളേജ് റോഡിന്റെ പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഇടക്കോലി - ഉഴവൂർ കോട്ടയം മെഡിക്കൽ കോളേജ് റോഡ് പദ്ധതിയുടെ ഡി.പി.ആർ. എസ്.പി.വി.-യായ കേരള റോഡ് ഫണ്ട് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിയുടെ 10 മീറ്റർ വീതി ലഭ്യമായിട്ടുള്ള സ്കെച്ചുകൾ ചെയിനേജ് സഹിതവും ബാക്കി സ്ഥലങ്ങളിലും ലാൻഡ് അക്വിസിഷൻ സാധിക്കുമോ എന്നതിന്മേൽ കേരള റോഡ് ഫണ്ട് ബോർഡ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

പ്രസ്തുത റിപ്പോർട്ട് കിഫ്ബിയിൽ ലഭിച്ചിട്ടില്ല.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്,

(സി) ഈ പദ്ധതി കിഫ്ബി അംഗീകരിച്ചിട്ടുണ്ടോ; ആയതിന് വേണ്ട തുടർനടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടില്ല. കിഫ്ബിയുടെ ധനാനുമതിക്കായി പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ വിശദപദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) സമർപ്പിക്കുകയും അത് കിഫ്ബി അവലോകന വിഭാഗം പരിശോധിക്കുകയും ചെയ്യുന്നു. പ്രസ്തുത ഡി.പി.ആർ. കിഫ്ബി മാനദണ്ഡപ്രകാരം അല്ലാത്തപക്ഷം അതിൻ പ്രകാരം ആക്കുന്നതിലേയ്ക്കായി കിഫ്ബി സാങ്കേതിക അവലോകന റിപ്പോർട്ട് നൽകുന്നു. അവലോകന റിപ്പോർട്ടിൽ ആവശ്യപ്പെടുന്നതനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തി ടി റിപ്പോർട്ടിനുള്ള മറുപടി പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കി കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുമ്പാകെ സമർപ്പിച്ച് പദ്ധതിക്ക് കിഫ്ബി ധനാനുമതി നൽകുന്നു. ഇടക്കോലി-ഉഴവൂർ കോട്ടയം മെഡിക്കൽ കോളേജ് റോഡ് പദ്ധതിയുടെ ഡി.പി.ആർ. പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിച്ചിട്ടില്ലാത്തതിനാൽ മേൽ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല.

കിഫ്ബി മുഖേന മലയോര ഹൈവേ നിർമ്മാണം

19(3440) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര ഹൈവേ നിർമ്മാണത്തിനായി കിഫ്ബി മുഖേന എത്രകോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഈ റോഡുകളിൽ പുതുതായി എത്ര പാലങ്ങൾ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് മലയോര ഹൈവേ നിർമ്മാണത്തിനായി കിഫ്ബി മുഖേന 1530.85 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ പുതിയതായി പാലങ്ങളൊന്നുംതന്നെ അനുവദിച്ചിട്ടില്ല. എന്നാൽ അംഗീകാരം നൽകിയിട്ടുള്ള മലയോര ഹൈവേ സ്ട്രെച്ചുകളിൽ ഉൾപ്പെടുന്ന പാലങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാറുണ്ട്.

(ബി) ഇതിൽ ഇനി എത്ര കിലോമീറ്റർ റോഡ് പൂർത്തീകരിക്കാനുണ്ടെന്നും ഏതൊക്കെ ജില്ലകളിലാണ് പൂർത്തീകരിക്കേണ്ടതെന്നും വ്യക്തമാക്കാമോ?

കിഫ്ബി ധനാനുമതി നൽകിയ മലയോര ഹൈവേ പദ്ധതികളുടെ നിർമ്മാണം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly